കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏഴിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം(പി2)946/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 17/09/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23. (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം(പി12)946/2025 തീയ്യതി: 17/09/2025

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-08-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 29-07-2025 | 05-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 29-07-2025 | 05-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സജിന് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി നസീറാബാനു എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ടിനു കെ.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഹരീഷ് പി.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എസ് രതീഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി മിന മാത്യു പി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയശ്രീ പി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീമതി സജിന സി ചാത്തോത്ത് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി മെരിമ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ലിജി.കെ.വി. | വി.ഇ.ഒ ഏഴിക്കര സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ ജയൻ കെ എൻ | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ.സൗമ്യ രമേഷ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ നസിയ റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2024 | 13-04-2024 |
| ഡോ രമ്യ പി. രവീന്ദ്രൻ | വെറ്ററിനറി സർജൻ | 14-04-2024 | 31-03-2025 |
| ശ്രീമതി മഞ്ജുഷ പി എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ.സുനിത ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. സ്മിത സി.എസ്. | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്,നന്ത്യാട്ടുകുന്നം | 01-04-2024 | 31-03-2025 |
| ശ്രീമതി സുജ ദേവൻ വി. | ഫിഷറീസ് ഓഫീസർ | 01-04-2024 | 30-07-2024 |
| ശ്രീമതി ഫസീറമോൾ ടി.എ. | ഫിഷറീസ് ഓഫീസർ | 31-07-2024 | 09-03-2025 |
| ശ്രീമതി സുമയ്യ എ.എസ്. | ഫിഷറീസ് ഓഫീസർ | 10-03-2025 | 31-03-2025 |
| ശ്രീമതി അംബിക വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 14-04-2024 |
| ശ്രീമതി ടിനി രാജൻ ടി.എൻ. | ഐ സി ഡി എസ് സൂപ്പർവൈസർ | 15-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | വസ്തുനികുതി -ഡിമാന്റ് കൃത്യമല്ല | 1-1-3 |
| 5 | കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ പലിശ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-4 |
| 6 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ധനകാര്യപത്രിക പ്രകാരമുള്ള ചെലവും എ.സി.ആർ. പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബാങ്ക് ചാർജ് ചെലവ് ഹഡ്കോ ലോൺ അക്കൗണ്ടിൽ ഉൾപ്പെടുത്തി | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം - | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | തൊഴിൽ നികുതി — പിരിവിലെ പോരായ്മകൾ | 1-10 |
| 17 | വസ്തുനികുതി പിരിവ് — അപാകതകൾ | 1-11 |
| 18 | മാർക്കറ്റ് വരവുകൾ - തുക ലഭിക്കാനുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-12 |
| 19 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മത്സ്യ മാർക്കറ്റുകൾ നിഷ്ക്രിയാസ്തിയായി തുടരുന്നു. | 1-13 |
| 20 | ഭവന പുനരുദ്ധാരണം - തുക പൂർണ്ണമായി അനുവദിച്ചില്ല | 1-14 |
| 21 | സർക്കാർ നിർദ്ദേശ പ്രകാരം വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുത്തില്ല. | 1-15 |
| 22 | പൊതു ടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക - പിഴ പലിശ വർദ്ധിക്കുന്നു | 1-16 |
| 23 | സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം - സാക്ഷരതാ മിഷനിൽ നിന്നും വിഹിതം ലഭ്യമായില്ല. | 1-17 |
| 24 | ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വലിപ്പത്തിൽ നൽകിയില്ല | 1-18 |
| 25 | ചാക്കാത്തറ എഴിൽ കോളനി റോഡ് നവീകരണം, വാർഡ്-14 മെറ്റൽ നിരക്ക് എസ്റ്റിമേറ്റ് നിരക്കിലും അധികമായി കാണുന്നു. | 1-19 |
| 26 | കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം-അളവ് തെറ്റായി രേഖപ്പെടുത്തി | 1-20 |
| 27 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല- തടസ്സം 305800/- രൂപ | 1-21 |
| 28 | ഓഡിറ്റ് ഇംപാക്ട് | 1-22 |
| 29 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-23 |
| 30 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-24 |
| | **ഭാഗം 2** | |
| | **ഭാഗം 3** | |
| 1 | കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം-അളവ് തെറ്റായി രേഖപ്പെടുത്തി-നഷ്ടം 3195/- | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരശേഖരണം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |

| | | |
|---|---|---|
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


അനുബന്ധം


1 ഓഡിറ്റ് സാക്ഷ്യപത്രം

2 ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2025 ലെ 4 -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 16.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏഴിക്കര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 17.09.2025

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)] ഉൾപ്പെടുത്തിയിട്ടില്ല.

Au

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9469454/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-660369/-ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വസ്തുനികുതി -ഡിമാന്റ് കൃത്യമല്ല

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

## 1-1-4 കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ പലിശ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ(ഹെഡ്-330500201) ₹22471/- ബാങ്ക് പലിശയായി ലഭിച്ചത് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പലിശ ശരിയായ അക്കൗണ്ടിലേക്ക് മാറ്റി ബുക്ക് ചെയ്യേണ്ടതാണ്.

## 1-1-5 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ധനകാര്യപത്രിക പ്രകാരമുള്ള ചെലവും എ.സി.ആർ. പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്(പെർഫോമൻസ്) എ.സി.ആർ.പ്രകാരം 114114/-രൂപയാണ് അലോട്ട്മെന്റ് ലഭിച്ചത്. എന്നാൽ ധനകാര്യപത്രികയിൽ 16 ൽ ചെലവ് 193441/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-6 ബാങ്ക് ചാർജ് ചെലവ് ഹഡ്കോ ലോൺ അക്കൗണ്ടിൽ ഉൾപ്പെടുത്തി

ബാങ്ക് ചാർജ്ജ് ഇനത്തിൽ ചെലവ് വന്ന ₹59/- ഹഡ്കോ ലോണിൽ തിരിച്ചടവായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ധനകാര്യപത്രികയിൽ ലോൺ തുക തത്തുല്യമായി കുറഞ്ഞു നിൽക്കുന്നതായി കാണുന്നു. ഈ തുക ബാങ്ക് ചാർജ്ജ് ഇനത്തിൽ വന്ന ചെലവ് എന്ന നിലയിൽ 2 ൽ തുടങ്ങുന്ന ഹെഡിൽ ബുക്ക് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 08.02.2024 ലെ 1(1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2025 ലെ 7-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് (₹) | പുതുക്കിയ ബജറ്റ് (₹) |
|---|---|---|
| മുന്നിരിപ്പ് | -1,14,13,981 | -1,14,13,981 |
| വരവ് | 29,17,51,836 | 20,68,84,785 |
| ആകെ | 28,03,37,855 | 19,54,70,804 |
| ചെലവ് | 27,84,81,213 | 19,39,26,163 |
| നീക്കിയിരിപ്പ് | 18,56,642 | 15,44,641 |

ബജറ്റ് മുന്നിരിപ്പ് നെഗറ്റീവ് ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹1,19,99,903.70 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹5,14,46,219.00 |
| ആകെ | : | ₹6,34,46,122.70 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹4,19,76,765.00 |
| നീക്കിയിരിപ്പ് | : | ₹2,14,69,357.70 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് &

പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി(₹) | വരവ് (₹) (അലോട്ട്മെന്റ്) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 13139000 | 13139000 | 13099338 | 39662 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 9309000 | 9309000 | 8129892 | 1179108 | |
| വികസനഫണ്ട്-ടി.എസ്.പി | 0 | 80000 | 80000 | 79980 | 20 | |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 6501000 | 6501000 | 6501000 | 0 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4049000 | 4049000 | 4049000 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 1383258 | 4795500 | 6178758 | 2919012 | - | 3259746 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 533819 | 2360101 | 2893920 | 2098707 | - | 795213 |
| എം പി യുടെ പ്രാദേശിക വികസന ഫണ്ട്-320100130 | 14,154 | 0 | 14,154 | 0 | - | 14,154 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100196 | 127870 | 1109409 | 1237279 | 906740 | - | 330539 |
| സമ്പൂർണ്ണശുചിത്വം-320100181 | 87469 | 0 | 87469 | 3000 | - | 84469 |
| ഗ്രാമീണഭവനം-320100160 | 1410000 | 3700000 | 5110000 | 2400000 | - | 2710000 |
| സാക്ഷരത-320100197 | 1221 | 0 | 1221 | 0 | - | 1221 |
| ശുചിത്വ മിഷൻ – സ്വച്ഛ് ഭാരത് അഭിയാൻ-320100198 | 17,185 | 288000 | 305185 | 288000 | - | 17185 |
| ഐ.എച്ച്.എസ്.ഡി.പി-320100122 | 122017 | 4185 | 126202 | 0 | - | 126202 |
| ടോട്ടൽ സാനിറ്റേഷൻ -320300103 | 126749 | 4296 | 131045 | 0 | - | 131045 |
| ഭിന്നശേഷിക്കാർക്കുള്ള ദേശീയ പരിപാടി-320100145 | 401000 | 617150 | 1018150 | 401000 | - | 617150 |
| മറ്റ് സ്കീമുകൾ -320100152 | 5434 | 0 | 5434 | 0 | - | 5434 |
| സർവ്വശിക്ഷാ അഭിയാൻ-320100162 | 5493• | 186 | 5679 | 4502" | - | 1177 |
| വിമുക്തി- 320100190 | 10500 | 0 | 10500 | 10500 | - | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസ ഗ്രാന്റ് – 320100192 | 100000 | 100000 | 200000 | 0 | - | 200000 |
| കേരളോത്സവം ഗ്രാന്റ് – 320100199 | 787 | 0 | 787 | 0 | - | 787 |
| ഹെൽത്ത് ഗ്രാന്റ്- പി.എച്ച്.സി.കൾക്ക് അടിസ്ഥാന സൗകര്യ വികസനം -320100202 | 651407 | 329958 | 981365 | 629030 | - | 352335 |
| ഹെൽത്ത് ഗ്രാന്റ്- പി.എച്ച്.സി കൾ ആരോഗ്യ വെൽനസ്സ് സെന്ററുകളാക്കി മാറ്റുന്നതിനുള്ള ഗ്രാന്റ് | 334345 | 530020 | 864365 | 213933 | - | 650432 |

| | | | | | | |
|---|---|---|---|---|---|---|
| -320100204 | | | | | | |
| ആയുർവേദം-ഹെഡിൽ നിന്നും സി എസ് ആർ ഫണ്ട്-320200207 | 1500000 | 3200000 | 4700000 | 4700000 | - | 0 |
| പകർച്ചവ്യാധി തടയൽ 320900102 | 4407 | 150 | 4557 | 0 | | 4557 |
| നഗരസഭയ 320700102 | 0 | 320759 | 320759 | 320579 | | 0 |
| നഗരസഭയ 320700202 | 7267 | 0 | 7267 | 7267 | | 0 |

* ₹7/- ബാങ്ക് ചാർജ് ഇനത്തിലുള്ള ചെലവ് ഉൾപ്പെടുന്നു.

1)വികസനഫണ്ട്(ജനറൽ ) വരവിൽ നിന്നും സോഴ്സ് ഡിഡക്ഷൻ - 2413519/-രൂപയും ചെലവിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ 25770/-രൂപയും ഉൾപ്പെടുന്നു.

2) വികസനഫണ്ട്(എസ്.സി.പി) വരവിൽ സോഴ്സ് ഡിഡക്ഷൻ - 103473/-രൂപയും ചെലവിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-492568/-രൂപയും ഉൾപ്പെടുന്നു.

3) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ചെലവിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-40500/-രൂപ ഉൾപ്പെടുന്നു.

4) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 2148023/- രൂപ CFC ടൈഡ് ചെലവിൽ ഉൾപ്പെടുന്നു.

5) സി.എഫ്.സി.ബേസിക് ഗ്രാന്റ് ചെലവിൽ 1376497/-രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയാണ്.

6) നഗരസഭയ ഗ്രാന്റ് 320759/-രൂപ ചെലവ് ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

7) ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് എ.സി.ആർ.പ്രകാരം ട്രഷറിയിൽ അലോട്ട്മെന്റ് ലഭിച്ചത് 114114/-രൂപയാണ്. എന്നാൽ ധനകാര്യ പത്രികയിൽ 16 ൽ ചെലവ് 193441/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 9,31,07,024 | 109 | 5,84,33,343 | 17 | 31 | 69.43% |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 16,01,622 | 16,01,622 | 16,01,592 | 30 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,83,59,581 | 1,83,59,581 | 1,83,59,581 | 0 |
| ആകെ | 0 | 1,99,61,203 | 1,99,61,203 | 1,99,61,173 | 30 |

## 1-7 ക്ഷേമപദ്ധതികൾ

ഈ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | ₹46,35,600 | 285 |
| വിധവാ പെൻഷൻ | ₹1,06,93,000 | 719 |
| വാർദ്ധക്യകാല പെൻഷൻ | ₹2,62,93,600 | 1989 |

| | | |
|---|---|---|
| മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | ₹34,61,800 | 208 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | ₹11,52,800 | 74 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | ₹30,000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,200/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം താരതമ്യേന കുറവാണ്. എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കാര്യമായി കൈക്കൊള്ളുന്നില്ല. നികുതി വരുമാനങ്ങളുടെ പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2) വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

4) എല്ലാ ജേണൽ എൻട്രികൾക്കും അതിനെ സാധൂകരിക്കുന്ന വൗച്ചറുകൾ, നടപടിക്രമങ്ങൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി - പിരിവിലെ പോരായ്മകൾ

27.06.2024 തീയതിയിലെ സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2024-25 രണ്ടാം അർദ്ധ വർഷത്തിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതിൽ ചില ജീവനക്കാരുടെ നികുതി മാത്രം അടവാക്കിയപ്പോൾ കുറവു വന്നിരുന്നു. എൻക്വയറി മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് പ്രസ്തുത തുക അടവാക്കി. വിശദാംശങ്ങൾ ഓഡിറ്റ് ഇംപാക്റ്റിൽ ചേർത്തിട്ടുണ്ട്.

2. യു & കോ മറൈൻ എക്സ്പോർട്ട്സ് എന്ന സ്ഥാപനം രണ്ട് അർദ്ധ വർഷത്തിലും ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്താതെയാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തിൽ 600/-, 300/-, 180/- എന്നിങ്ങനെയുള്ള പഴയ നിരക്കുകളിലാണ് സ്ഥാപനം നികുതി അടവാക്കിയിട്ടുള്ളത്.

3. ഒന്നാം അർദ്ധ വർഷത്തിൽ 42 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്, എന്നാൽ 37 സ്ഥാപനങ്ങളാണ് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നികുതി അടവാക്കിയിരിക്കുന്നത്.

മേൽ അപാകതകൾ സൂചിപ്പിച്ച് 01.08.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമാക്കിയതിൽ യു & കോ മറൈൻ എക്സ്പോർട്ട്സ് എന്ന സ്ഥാപനം 07.09.2024 ലെ 1240500763 രസീത് പ്രകാരം 10000/- രൂപ തൊഴിൽ നികുതിയിനത്തിൽ അടവാക്കിയിട്ടുണ്ടെന്നും ബാക്കി വന്ന തുകയാണ് രണ്ടാം അർദ്ധ വർഷത്തിൽ അടച്ചിട്ടുള്ളതെന്നും, പഞ്ചായത്തിലെ സാക്ഷരതാ പ്രേരക് 2024-25 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും (വിശദാംശങ്ങൾ ഓഡിറ്റ് ഇംപാക്റ്റിൽ ചേർത്തിട്ടുണ്ട്) മറുപടിയിൽ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) ലൈസൻസ് എടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി കൃത്യമായി ഈടാക്കേണ്ടതാണ്.

2) കരാറുകാരുടെ തൊഴിൽ നികുതി, പഞ്ചായത്തിന്റെ പരിധിയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ നികുതി ഡിമാന്റ്, കുടിശ്ശിക എന്നിവയുടെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) ബ്ലൂ & കോ മറൈൻ എക്സ്പോർട്ട്സ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ വരുമാനത്തിനനുസരിച്ച് നികുതി അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും തൊഴിൽ നികുതിയിനത്തിൽ ഏതെങ്കിലും തുക പ്രസ്തുത സ്ഥാപനം അടവാക്കാൻ ബാക്കിയുണ്ടെങ്കിൽ മാത്രം തുക ഈടാക്കേണ്ടതുമാണ്. തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

4) ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായും അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-11 വസ്തുനികുതി പിരിവ് – അപാകതകൾ</u>

2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 2,32,887/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | തുക (₹) |
|---|---|---|
| 1 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക (നടപ്പുവർഷം) | 89,676 |
| 2 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്) | 47,607 |
| 3 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക (നടപ്പുവർഷം) | 30,768 |
| 4 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്) | 64,836 |
| | ആകെ | 2,32,887 |

ടി തുകകൾ പിരിച്ചെടുക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് 04.08.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന് മറുപടി ലഭ്യമാക്കിയതിൽ തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായിട്ടുള്ള നോട്ടീസ് കുടിശ്ശികക്കാർക്ക് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-12 മാർക്കറ്റ് വരവുകൾ – തുക ലഭിക്കാനുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.</u>

2024-25 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിലെ ബി- 15 പ്രകാരം മാർക്കറ്റ് റസീപ്റ്റ് ഇനത്തിൽ (ഹെഡ് ഓഫ് അക്കൗണ്ട് - 431400106) 30,000/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. ടി ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ തുക 31.03.2022 മുതൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിൽ ലഭിക്കാനുള്ളതാണെന്നും, തുക നിലവിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് 04.08.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയതിൽ 2017-18 സാമ്പത്തിക വർഷം മുതൽ ലഭിക്കുവാനുള്ള മാർക്കറ്റ് ലേലം ഇനത്തിലെ കുടിശ്ശികയാണ് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും, പ്രസ്തുത തുക

സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രസ്തുത തുക സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് നിലവിൽ തുക ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിന് രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**1-13 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് മത്സ്യ മാർക്കറ്റുകൾ നിഷ്ക്രിയാസ്തിയായി തുടരുന്നു.**

2024-25 ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ രണ്ട് മത്സ്യ മാർക്കറ്റുകളാണുള്ളത്.

1. ചാത്തനാട് ഫിഷ് ലാന്റിംഗ് സെന്റർ
2. കണ്ണങ്കടവ് മത്സ്യ മാർക്കറ്റ്

ടി മാർക്കറ്റുകളുടെ ലേലം എല്ലാ വർഷങ്ങളിലും നടത്തിയിട്ടുണ്ട്. എന്നാൽ വർഷങ്ങളായി പ്രസ്തുത മാർക്കറ്റുകൾ ആരും തന്നെ ലേലത്തിനെടുത്തതായി കാണുന്നില്ല. പഞ്ചായത്തിന്റെ ആസ്തിയായ ടി മാർക്കറ്റുകൾ നാളിതുവരെ ലേലത്തിൽ പോകാതിരുന്നതിന്റെ കാരണം, നിലവിൽ ടി മാർക്കറ്റുകളിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭ്യമാക്കാനുള്ള ഏതെങ്കിലും പദ്ധതികൾക്കായി നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് 04.08.2025 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13 ന് മറുപടി ലഭ്യമാക്കിയതിൽ രണ്ട് മാർക്കറ്റുകളുടെ ലേലം എല്ലാ വർഷവും നടത്താറുണ്ടെന്നും എന്നാൽ ആരും തന്നെ ലേലം കൊള്ളുവാൻ തയ്യാറാകുന്നില്ലെന്നും. കണ്ണങ്കടവിൽ പാലം പണി പൂർത്തിയായതിനാൽ ജനങ്ങൾ വലിയതും തിരക്കേറിയതുമായ മറ്റ് മാർക്കറ്റുകളെയാണ് ആശ്രയിക്കുന്നതെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത മത്സ്യ മാർക്കറ്റുകൾ ലേലം ചെയ്ത് നൽകാവുന്ന നടപടികൾ സ്വീകരിക്കുകയോ, അല്ലെങ്കിൽ പ്രസ്തുത മാർക്കറ്റുകളിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യാവുന്നതാണ്. ഇതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-14 ഭവന പുനരുദ്ധാരണം - തുക പൂർണ്ണമായി അനുവദിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0034/25, ഭവന പുനരുദ്ധാരണം - പട്ടികജാതി |
| അടങ്കൽ | വികസന ഫണ്ട് - എസ്.സി.പി = 27,00,000/- |
| ചെലവ് | വികസന ഫണ്ട് - എസ്.സി.പി = 21,10,000/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി - 28-05-2022) 6.7.4 പ്രകാരം പട്ടിക ജാതി വിഭാഗത്തിലുള്ളവർക്ക് വീട് വാസയോഗ്യമാക്കൽ പ്രോജക്റ്റിന് പരമാവധി 150,000/- രൂപ വരെ അനുവദിക്കാവുന്നതാണ്. പ്രോജക്ട് പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് (തിയതി - 24-03-2025) ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയേക്കാൾ കുറവ് തുകയാണ് അനുവദിച്ചത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഭവന പുനരുദ്ധാരണ ചെലവ് | അനുവദിച്ച തുക | അനുവദി ക്കാനുള്ളത് |
|---|---|---|---|---|
| 1 | അശ്വിനികുമാർ കളത്തിപറമ്പിൽ | 60,419/- | 50,000/- (UTR നമ്പർ - RBI0492517823415/ 07-02-2025) | 10,419/- |

| | | | | | |
|---|---|---|---|---|---|
| 2 | രാജമണി കോളനി | ഇളമന | 1,04,394/- | 100,000/- (UTR നമ്പർ - RBI08725351990 73/ 27-03-2025 = 50,000/-, RBI07925094344 33 / 19-03-2025 = 50,000/-) | 4,394/- |

മേൽ ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായി അനുവദിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/31-07-2025) ഈ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന് പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് അർഹമായ ധനസഹായം നൽകി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**I-15 സർക്കാർ നിർദ്ദേശ പ്രകാരം വാഹനങ്ങളുടെ ഇൻഷ്വറൻസ് എടുത്തില്ല.**

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം KL42V-6516 മഹീന്ദ്ര ബൊലേറോ (വൗച്ചർ നമ്പർ – 22400150 / 01-06-2024 - 16,178/- രൂപ, ഇൻഷ്വറൻസ് കാലയളവ് - 09-06-2024 മുതൽ 08-06-2025 വരെ), ബഡ്സ് സ്കൂൾ വാഹനം - KL42V-1770 ടാറ്റ വിംഗർ വാൻ (വൗച്ചർ നമ്പർ – 22400731/29-12-2024- 40,129/- രൂപ, ഇൻഷ്വറൻസ് കാലയളവ് - 22-12-2024 മുതൽ 21-12-2025 വരെ) യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി എൽ.ടി.ഡിയിൽ നിന്നും തൻവർഷം ഇൻഷ്വറൻസ് എടുത്ത് പുതുക്കിയിട്ടുണ്ട്. 07.08.2021ലെ സർക്കുലർ നമ്പർ-ബി2/278/2019 – ധനകാര്യ വകുപ്പ്, സർക്കുലർ നമ്പർ02/2024/ധന, തീയതി 10.01.2024 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy. Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് എടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/31-07-2025) തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഇൻഷ്വറൻസ് എടുക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**I-16 പൊതു ടാപ്പുകളുടെ വെള്ളക്കരക്കുടിശ്ശിക – പിഴ പലിശ വർദ്ധിക്കുന്നു**

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2024 ഏപ്രിൽ മാസം മുതൽ ഓഗസ്റ്റ് മാസം വരെ 90 ടാപ്പുകൾക്ക് പ്രതിമാസം 1,67,429/-രൂപ വീതവും 2024 സെപ്റ്റംബറിൽ 48 ടാപ്പുകൾ നീക്കം ചെയ്ത ശേഷം സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെ 42 ടാപ്പുകൾക്ക് 50,95//- രൂപ വീതവുമാണ് ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രതിമാസം വാട്ടർ ചാർജ്ജ് (ഫൈൻ, കുടിശ്ശിക ഉൾപ്പെടാതെ). വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ വൻതുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നമ്പർ 94433/12.03.2025 പ്രകാരം 28.02.2025 ൽ അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 5,38,45,889/-രൂപയും, ഫെബ്രുവരി മാസത്തെ വെള്ളക്കരം50957/-രൂപയും ഫൈൻ 10,56,200/-രൂപയും അടക്കം ആകെ 5,49,53,046/- രൂപയാണ്. കുടിശ്ശിക യഥാസമയം അടവാക്കാത്തതിനാൽ പ്രതിമാസം 19,000/- രൂപക്ക് മുകളിൽ ഫൈൻ ഓരോ മാസവും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. മേൽ വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/31-07-2025)പിഴ പലിശ ഇനത്തിൽ വലിയ തുക രേഖപ്പെടുത്തുന്നതിനാൽ തനത് ഫണ്ട് വളരെ കുറവായ പഞ്ചായത്തിന് ഇത്രയധികം തുക കണ്ടെത്തുന്നതിന് നിലവിൽ നിർവ്വാഹമില്ലെന്നും, പിഴ പലിശ ഇനത്തിൽ പ്രതിമാസം രേഖപ്പെടുത്തുന്ന തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൂചിപ്പിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിക്ക് 09-08-2024 ലെ SC1-2269/2024 നമ്പർ കത്ത് നൽകിയെന്നും തൻ വർഷം 48 ടാപ്പുകൾ കട്ട് ചെയ്തതാണെന്നും നിലവിൽ എല്ലാ മാസവും കൃത്യമായി അതാത് മാസത്തെ വെള്ളക്കരം 50,957/- രൂപ അടവാക്കുന്നുണ്ടെന്നും 25 ടാപ്പുകൾ കൂടി കട്ട് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമായി. നിലവിൽ ഓരോ മാസത്തെയും വെള്ളക്കരം

അടവാക്കാനാണെങ്കിലും കുടിശ്ശിക അടവാക്കാത്തതിനാൽ പിഴ പലിശ വർദ്ധിച്ച് കുടിശ്ശിക കൂടുകയാണ്. വെള്ളക്കര കുടിശ്ശിക അടവാക്കാനും പിഴ പലിശ ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം – സാക്ഷരതാ മിഷനിൽ നിന്നും വിഹിതം ലഭ്യമായില്ല.

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പിന്റെ 25-06-2024 ലെ സ.ഉ.(സാധാ) നം.1131/2024/LSGDനമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം 60% തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ നിന്നും, അവശേഷിക്കുന്ന 40% കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തനത് ഫണ്ട്, മിഷന് അനുവദിച്ചിട്ടുള്ള സർക്കാർ വിഹിതം, എന്നിവകളിൽ നിന്നും നൽകാൻ ഉത്തരവായിരുന്നു. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം സാക്ഷരതാ മിഷൻ നൽകേണ്ട ഹോണറേറിയത്തിന്റെ 40% അഡ്വാൻസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സാക്ഷരതാ മിഷൻ പ്രതിപൂരണം ചെയ്ത് നൽകേണ്ടതാണെന്നും ഈ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. 12-04-2024 ലെ 743/2024/LSGD നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ മിഷന്റെ വിഹിതം Quarterly Base ൽ മിഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം തിരികെ നൽകേണ്ടതാണ്. എഴിക്കര ഗ്രാമപഞ്ചായത്തിൽ തൻവർഷം ഈയിനത്തിൽ 12000/- രൂപ വീതം 11 മാസം 1,32,000/- രൂപ ചെലവാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷൻ നൽകേണ്ട ഹോണറേറിയത്തിന്റെ 40% വും അഡ്വാൻസ് ചെയ്ത് മുഴുവൻ ഹോണറേറിയവും പഞ്ചായത്താണ് നൽകിയത്. എന്നാൽ നാളിത് വരെയും സാക്ഷരതാ മിഷൻ നൽകേണ്ട വിഹിതം ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/01-08-2025) പ്രതിപൂരണം ചെയ്യേണ്ട തുക തിരികെ ലഭ്യമാക്കുന്നതിന് 02-07-2025 ന് ജില്ലാ കോർഡിനേറ്റർ സാക്ഷരതാ മിഷനിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. മേൽ സൂചിപ്പിച്ച പ്രകാരം പഞ്ചായത്തിന് അർഹമായ വിഹിതം ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-18 ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വലിപ്പത്തിൽ നൽകിയില്ല

പൊതു ഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് - ഡി) വകുപ്പിന്റെ 7441/ഡി – 1/04 പി ആന്റ് പി ആർ 21-06-2004 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" (24 ച.സെ.മീ വലിപ്പം) രൂപത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് തൻവർഷം ടെണ്ടർ പരസ്യങ്ങൾക്കായി പത്ര പരസ്യങ്ങൾ നൽകിയത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്രത്തിന്റെ പേര്, വൗച്ചർ നമ്പർ | പരസ്യത്തിന്റെ വലിപ്പം | പരസ്യ നിരക്ക് 1 ച.സെ.മീറ്ററിന് (₹) | അനുവദിച്ച് നൽകിയ തുക (₹) [(3)x(4)-15%] + 5%GST | അനുവദനീയമായ തുക (₹) [(24x100)-15%] + 5% GST | അധികം നൽകിയത് (₹) (5)-(6) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | വീക്ഷണം ദിനപ്പത്രം, 22400147/ 27-05-2024 | 40 ച.സെ.മീ | 100 | 3570 | 2142 | 1428 |
| 2 | വീക്ഷണം ദിനപ്പത്രം, 22401050/ 25-03-2025 | 32 ച.സെ.മീ | 100 | 2856 | 2142 | 714 |
| 3 | വീക്ഷണം ദിനപ്പത്രം, 22401047/ 25-03-2025 | 40 ച.സെ.മീ | 100 | 3570 | 2142 | 1428 |
| 4 | വീക്ഷണം ദിനപ്പത്രം, 22401130/ 31-03-2025 | 40 ച.സെ.മീ | 100 | 3570 | 2142 | 1428 |

അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/02-08-2025) മറുപടി ലഭ്യമായില്ല. ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശം പ്രകാരമുള്ള വലിപ്പത്തിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ചാക്കാത്തറ ഏഴിൽ കോളനി റോഡ് നവീകരണം, വാർഡ്-14 ടൈൽ നിരക്ക് എസ്റ്റിമേറ്റ് നിരക്കിലും അധികമായി കാണുന്നു.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നമ്പർ/ 74/25 ചാക്കാത്തറ ഏഴിൽ കോളനി റോഡ് നവീകരണം, വാർഡ്-14 |
| അടങ്കൽ | ₹6,00,000/-(മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവ് വിവരം | ₹584650/-<br>(ബിൽ നമ്പർ/തീയതി-408/22.03.2025 ) |
| കരാറുകാരൻ | ഒ.പി. ബിജു |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചാക്കാത്തറ ഏഴിൽ കോളനി റോഡ് നവീകരണം, വാർഡ്-14 എന്ന പ്രോജക്ടിൽ ഇനം-4 ആയി ചെയ്ത 80 എം.എം ടൈൽ വിരിക്കൽ പ്രവൃത്തിയിൽ 296.800 ച.മീ. ടൈൽ വിരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ ചെയ്ത പ്രവൃത്തി 274.74 ച.മീ, 80 എം.എം ടൈൽ ആണ് വിരിച്ചിരിക്കുന്നത്. ഈ ഇനത്തിന് എസ്റ്റിമേറ്റ് പ്രകാരം 1008.47/-രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. കരാറുകാരൻ ക്വോട്ട് ചെയ്തത് ച.മീ.ന് 1109/-രൂപയാണ്. ഇത് എസ്റ്റിമേറ്റിനേക്കാളും 10% അധിക നിരക്കാണ്. ആകെ ഈ ഇനത്തിന് 304686/- (274.74 ച.മീ. X 1109)നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-06/08.07.2025) മറുപടി ലഭ്യമാക്കിയിരുന്നു. മറുപടി പ്രകാരം ടെൻഡർ അധികനിരക്ക് അനുവദിച്ചത് 10% താഴെയാണ് എന്നാണ്. ടൈൽ വിരിക്കൽ പോലുള്ള പ്രോജക്ടിന് മേൽ നിരക്ക് അധികമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നെഗോസിയേഷൻ നടത്തിയതായി കാണുന്നില്ല. ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന സമയത്ത് കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മത്സരാധിഷ്ഠിത ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-20 കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം-അളവ് തെറ്റായി രേഖപ്പെടുത്തി**

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം വാർഡ്-7 എന്ന പ്രോജക്ടിൽ 75 മീറ്റർ നീളത്തിൽ 80 സെന്റിമീറ്റർ വീതിയിൽ കാന നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതുമായി ബന്ധപ്പെട്ട് ഇ എം-ബുക്ക് പരിശോധിച്ചതിൽ ഇനം-6 ആയി ചെയിനേജ് 77-79 ൽ 2 മീറ്റർ നീളത്തിൽ 80 സെന്റിമീറ്റർ വീതിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയതിന് 20 മീറ്റർ നീളത്തിൽ 80 സെന്റിമീറ്റർ വീതിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയെന്ന് രേഖപ്പെടുത്തിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-21 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല- തടസ്സം 305800/- രൂപ**

| | |
|---|---|
| പ്രോജക്ട് | 140/25 – കുടിവെള്ള വിതരണം - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | ₹305800/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹305800/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| സാങ്ഷൻ ഓർഡർ നമ്പർ | 1)559/15.03.2025 – 210000/-<br>2)562/15.03.2025 – 95800/- |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തിൽ വാർഡ് 11 ലെ ഭാഗങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും, വാർഡ് 10 ലെ പൈപ്പ് ലൈൻ നീട്ടുന്നതിനും ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് എക്സിക്യൂട്ടിവ് എഞ്ചിനിയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി - 18 എന്ന പേരിൽ 305800/- രൂപ കേരള ജല അതോറിറ്റിയിലൂടെ സ്റ്റേറ്റ്

ബാങ്ക് ഓഫ് ഇന്ത്യയുടെ 57030128503 അക്കൗണ്ടിൽ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പുവച്ചിട്ടില്ല. 19-04-2022 ലെ സ.ഉ.(കൈ) നം.84/2022/LSGD പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 12.2.5(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ ഇക മുൻകൂർ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം കരാർ ഒപ്പുവെക്കാതെ മുൻകൂർ നൽകിയിട്ടുള്ള നടപടി അംഗീകരിക്കുന്നില്ല. മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, പൂർത്തീകരണം സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 2/31.07.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DsoR 2018 ൽ നിന്നും DsoR 2021 ലേക്ക് മാറിയിട്ടുള്ളതിനാൽ അടങ്കൽ ഇകയിൽ 20000/- രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. ആയത് അടവാക്കണമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചതിനെ തുടർന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ. സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 305800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) വരും വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസിയുമായി കരാർ ഒപ്പുവച്ചതിനുശേഷം മാത്രം ഇക ഡെപ്പോസിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു.

## 1-22 ഓഡിറ്റ് ഇംപാക്ട്

2024-25 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന ഇകകൾ അടവാക്കുകയുണ്ടായി. തിരിച്ചടച്ച ഇകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| എൻക്വയറി നം/ തീയതി | ഇനം | രസീത് നം./ തീയതി | ഇക (₹) |
|---|---|---|---|
| 09/ 01.08.2025 | തൊഴിൽ നികുതി | ആർ-ജി070103-25000743, 02.08.2025 | 624 |
| 09/ 04.08.2025 | തൊഴിൽ നികുതി | ആർ-ജി070103-25000747, 02.08.2025 | 3,806 |
| 09/ 05.08.2025 | തൊഴിൽ നികുതി | ആർ-ജി070103-25000761, 05.08.2025 | 624 |
| 09/ 05.08.2025 | തൊഴിൽ നികുതി | ആർ-ജി070103-25000762, 05.08.2025 | 624 |
| | ആകെ | | 5,678 |

## 1-23 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

100 ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് പൈപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ജൽജീവൻ മിഷൻ - കേരളം ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക. വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്.

2020-21 വർഷം മുതലുള്ള ഗ്രാമപഞ്ചായത്തിലെ വിവരങ്ങൾ പരിശോധിച്ചതിൽ ജൽജീവൻ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15% സ്ഥാപനവിഹിതവും 10% ഗുണഭോക്തൃവിഹിതവും ഗ്രാമപഞ്ചായത്ത് 2020-21 മുതൽ ഈവർഷം വരെ അടവാക്കിയിട്ടില്ല.

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുവാൻ നാളിതുവരെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പ്ലാൻ ഫണ്ട്/ തനത് ഫണ്ട് കുറവായ പഞ്ചായത്തായതിനാലാണ് നാളിതുവരെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാതിരുന്നത്. ടി പദ്ധതിക്ക് തുക അനുവദിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയതിനായുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന്, (ആകെ 1029 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിട്ടതിൽ നിലവിൽ 608 കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും) ഗ്രാമപഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

## 1-24 ഹെൽത്ത് ഗ്രാന്റ് – വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിതരണം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് ഏഴിക്കര ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

### 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (i) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ii) പി.എച്ച്.സി. | | *₹3,18,178 +Int: ₹4,560 ₹3,22,738* | *₹7,64,868 +Int: ₹12,949 ₹7,77,817* | *₹3,17,000 +Int: ₹12,958 ₹3,29,958* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിംഗ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | *₹1,75,897 +Int: 2,581 ₹1,78,478* | *₹3,28,362 +Int: ₹4,572 ₹3,32,934* | *₹5,23,000 +Int: ₹7,020 ₹5,30,020* |

*കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.*

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി. | - | ₹45,736 | ₹4,03,412 | ₹6,29,030 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിംഗ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവെർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | ₹1,72,715 | ₹4,352 | ₹2,13,933 |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| പ്രോജക്ട് | ചെലവ് 2022-23 | 2023-24 | 2024-25 |
|---|---|---|---|
| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (II) പി.എച്ച്.സി. | | | |
| രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | ₹45,736 | ₹4,03,412 | ₹6,29,030 |
| കൺവെർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | ₹1,72,715 | ₹4,352 | ₹2,13,933 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് – സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(II) പി.എച്ച്.സി. (320100202) SBI A/C No.40862616883 | കൺവെർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) SBI A/C.No.40864629017 |
|---|---|---|
| മുനിരിപ്പ് | ₹6,51,407 | ₹3,34,345 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,29,958 | ₹5,30,020 |
| ആകെ | ₹9,81,365 | ₹8,64,365 |
| ചെലവ് | ₹6,29,030 | ₹2,13,933 |
| നീക്കിയിരിപ്പ് | ₹3,52,335 | ₹6,50,432 |

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം–അളവ് തെറ്റായി രേഖപ്പെടുത്തി–നഷ്ടം 3195/-

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ/ പേര് | 121/25 കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം |
| അടങ്കൽ | ₹311393/-(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | ₹290381/-<br>(ബിൽ നമ്പർ/തീയതി-57/17.07.2024 ) |
| കരാറുകാരൻ | ഒ.പി. ബിജു |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കോറ്റാഴത്ത് റോഡ് ഡ്രെയിൻ നിർമ്മാണം വാർഡ്-7 എന്ന പ്രോജക്ടിൽ 75 മീറ്റർ നീളത്തിൽ 80 സെന്റീമീറ്റർ വീതിയിൽ കാന നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിന്റെ ഭാഗമായി ഇനം-2, ഇനം-3 ആയി ആകെ 77 മീറ്റർ നീളത്തിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയതായി ഇ എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഇ എം-ബുക്ക് പരിശോധിച്ചതിൽ ഇനം-6 ആയി ചെയിനേജ് 77-79 ൽ 20 മീറ്റർ നീളത്തിൽ 80 സെന്റീമീറ്റർ വീതിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ചെയിനേജ് 77-79 ൽ 2 മീറ്റർ നീളത്തിൽ 80 സെന്റീമീറ്റർ വീതിയിൽ ഇനം-7 ആയി 1:3:6 അനുപാതത്തിൽ ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് ചെയ്തതായിട്ടും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും 77 മീറ്റർ നീളം കൂടാതെ 2 മീറ്റർ നീളത്തിൽ മാത്രം കൂടുതലായി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയതായി മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ എർത്ത് വർക്ക് എസ്കവേഷൻ ഇനത്തിൽ കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| തെറ്റായി രേഖപ്പെടുത്തിയ അളവ് (ക്യുബിക് മീറ്റർ) | യഥാർത്ഥ അളവ് (ക്യുബിക് മീറ്റർ) |
|---|---|
| 20x.80x(.65+.60)/2=10 | 2x.80x(.65+.60)/2=1 |
| 10x355=3550 | 355 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട് 39.556 ക്യുബിക് മീറ്റർ മണ്ണ് ലഭിച്ചത് എവിടെ നിക്ഷേപിച്ചുവെന്ന് എം ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മണ്ണിന്റെ ഉപയോഗം ബന്ധപ്പെട്ട അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/01.08.2025) ലഭ്യമാക്കിയ മറുപടിയിൽ എസ്കവേഷൻ നടത്തിയതിൽ ലഭിച്ച മണ്ണ് ചെളിമണ്ണ് ആണെന്നും ആയത് റോഡ് അരികിൽ നിക്ഷേപിച്ചുവെന്നുമാണ്. തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ വന്ന അധിക ചെലവ് കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ( 3550-355) 3195/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരശേഖരണം

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക | ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക | റിമാർക്ക്സ് |
|---|---|---|---|---|
| 13 | 78000 | 78000 | 0 | ഇല്ല |

13 X 500 X 12 മാസം =78000/- രൂപ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | | |

3.മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ) സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക | ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക | റിമാർക്ക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4.മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 - നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ ഇക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ ഇക | ഒടുക്കാൻ ബാക്കി നിൽക്കുന്ന ഇക |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യപത്രികകൾ പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പരും പേരും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 2,90,075 | 11/25 പൊക്കാളി കൃഷി ഇൻസെന്റീവ് | 2,90,075 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 13,989 | 52/25, പാൽ വില സബ്സിഡി | 13,989 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 18,356 | 100/25, പാൽ വില സബ്സിഡി | 18,356 | |
| ബ്ലോക്ക് പഞ്ചായത്ത് | " | 6,00,000 | 08/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 6,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 1,00,000 | 06/25, അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | " | 3,00,000 | 129/25 ചെന്നോളിൽ റോഡ് നിർമ്മാണം വാർഡ്-1 | 3,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | " | 1,40,772 | 133/25 മിനി എം.സി.എഫ്. സ്ഥാപിക്കൽ | 1,40,772 | |
| ആകെ | | 14,63,192 | | 14,63,192 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 7,70,000 | 14/25, ലൈഫ് ഭവനം (പട്ടികജാതി) | 7,70,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 6,00,000 | 10/25, ലൈഫ് ഭവനം (ജനറൽ) | 6,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 200,000 | 15/25 ലൈഫ് ഭവനം (ജനറൽ) ഭൂമി വാങ്ങൽ | 200,000 | |
| ജില്ലാപഞ്ചായത്ത് | " | 1,42,470 | 08/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,42,470 | 0 |
| ജില്ലാപഞ്ചായത്ത് | " | 2,24,561 | 11/25 പൊക്കാളി കൃഷി ഇൻസെന്റീവ് | 2,24,561 | 0 |
| ജില്ലാ പഞ്ചായത്ത് | " | 25,925 | 99/25, ഡയാലിസിസ് ധനസഹായം | 25,925 | 0 |
| ജില്ലാപഞ്ചായത്ത് | " | 10,000 | 102/25, എസ്സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 10,000 | 0 |
| ജില്ലാപഞ്ചായത്ത് | " | 8,32,500 | 50/25, എസ്സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 8,32,500 | |
| ജില്ലാപഞ്ചായത്ത് | " | 17,500 | 49/25, ടിഎസ്പി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 17,500 | 0 |
| ആകെ | | 28,22,956 | | 28,22,956 | 0 |
| കൊച്ചി കോർപ്പറേഷൻ | " | 3,20,759 | 119/25 സുബ്രഹ്മണ്യ ടെംപിൾ റോഡ് നിർമ്മാണം നഗരസഞ്ചയ പദ്ധതി | 320759 | 0 |
| കൊച്ചി കോർപ്പറേഷൻ | 2023-24 | 7,267 | | 7,267 | |
| ആകെ | | 3,28,026 | | 3,28,026 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ ഇക | കുറിപ്പ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 140/25 കുടിവെള്ള വിതരണം – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1) 559/15.03.25 | 2,10,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| | | 2) 562/15.03.25 | 95,800 | |
| ആകെ | | | 3,05,800 | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഇക നൽകിയിട്ടില്ല.

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ ഇക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന ഇക | തൻവർഷം വായ്പയെടുത്ത ഇക | ആകെ | തൻവർഷം തിരിച്ചടച്ച ഇക മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന ഇക |
|---|---|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ് മിഷൻ പദ്ധതി) | സ.ഉ(സാധാ.) 124/18, ത.സ്വ.ഭ.വ, 11.09.2018 | - | 70,09,078 | 205134 | 7214212 | 1684792 | 0 | 5529420* |
| ഹഡ്കോ ലോൺ | | | 0 | 9625316 | 9625316 | | 0 | 9625316 |

* ജി.ഒ. പ്രോജക്ട് പ്രകാരം കുറവ് ചെയ്തിരിക്കുന്നത് 1684792/-രൂപയാണ്. ഇതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ജി.ഒ.പ്രോജക്ട് നമ്പർ, പേര് | വിഭാഗം | ഇക |
|---|---|---|---|
| 1 | 175/25, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | പൊതുവിഭാഗം | 790487 |
| 2 | 176/25, മൂന്നാം ഗഡു | പട്ടികജാതി | 51789 |
| 3 | 177/25, ലൈഫ് മിഷൻ വായ്പ രണ്ടാം ഗഡു | പൊതുവിഭാഗം | 790832 |
| 4 | 178/25, ലൈഫ് മിഷൻ വായ്പ | പട്ടികജാതി | 51684 |
| | | | 1684792 |

കെ.യു.ആർ.ഡി.എഫ്.സി. ലോൺ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 22471/-രൂപ ലോൺ തുകയോടൊപ്പം വരവ് വെച്ചിട്ടുണ്ട്. അതിനാൽ ധനകാര്യപത്രികയിൽ അടവാക്കാൻ അവശേഷിക്കുന്ന ഇക 5551891/- രൂപയാണ്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-10 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,14,46,219 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,19,76,765 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹3,195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,05,800 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3195/- | ശ്രീമതി മഞ്ജുഷ പി.എച്ച്.<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 305800/- | ശ്രീമതി മീന മാത്യു പി., സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി മഞ്ജുഷ പി.എച്ച്.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ഏഴിക്കര ഗ്രാമപഞ്ചായത്ത് | കടമ്പശ്ശേരി, ചിറ്റാറ്റുകര<br>വടക്കേക്കര പി.ഒ.<br>പിൻ – 683522 |
| 2 | ശ്രീമതി മീന മാത്യു പി.<br>സെക്രട്ടറി | സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് | ചെമ്മണ്ണൂർ ഹൗസ്,<br>RLRA9B, ബോട്ട് ജെട്ടി റോഡ്,<br>റിവർ ബാങ്ക് റോഡ്,<br>വടുതല |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൻ.എഫ്.ഇ (പി12)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |

| | |
|---|---|
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09. തീയതി.07.09.09 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017, തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020 തീയതി 3.3.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.12)1381/2021 തീയതി.06.01.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.12)1382/2021 തീയതി.06.01.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി.12)209/2023 തീയതി.12.04.2023 |
| 2022-23 | കെ.എസ്.എ-ഇ.കെ.എം(പി12)/1711/23 തീയതി.15.12.2023 |
| 2023-24 | കെ.എസ്.എ-ഇ.കെ.എം(പി12)/1585/24 തീയതി.14.11.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure I
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 11-07-2025 and submitted on 16-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Ezhikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011. Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

### Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ezhikkara Grama Panchayat as on 31-03-2025

Date: 17/09/2025

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ezhikkara Grama Panchayat for the Year 2024-2025 .

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statement and non disclosure of material facts.

2.Other Observations

1. In Cash Flow statement Net increase / decrease in cash flow does not match with Net cash generated by Operating + Investing + Financing Activity.
2. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.
3. Lapses in making timely demand entries in Property Tax.
4. Bank interest received wrongly credited under KURDFC loan account head.
5. Bank charges wrongly debited to HUDCO loan account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം. 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്